ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.06.2024**

## പ്രധാനവാർത്തകൾ

1. **പത്താമത് അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന്റെ ഭാഗമായി രാജ്യമെങ്ങും വിപുലമായ പരിപാടികൾ. പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീനഗറിൽ യോഗാദിനാചരണത്തിന് നേതൃത്വം നൽകി.**

2. **സംസ്ഥാനതല യോഗ ദിനാചരണത്തിൻറെ ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിച്ചു. കോവളത്ത് ടൂറിസം മന്ത്രാലയം സംഘടിപ്പിച്ച യോഗാ ദിന പരിപാടിയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു.**

3. **ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ ഉത്പാദിപ്പിക്കുന്ന കമ്പനികൾക്കെതിരെ കർശന നടപടി ഉറപ്പാക്കുന്ന നിയമം സംസ്ഥാനത്ത് ഉടൻ നിലവിൽ വരുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി.**

4. **കേരളത്തിൽ അടുത്ത അഞ്ച് ദിവസം വ്യാപക മഴ തുടരും. മൂന്ന് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മറ്റന്നാൾ അതിതീവ്ര മഴയ്ക്ക് സാധ്യത.**

5. **ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇംഗ്ലണ്ട്-ദക്ഷിണാഫ്രിക്കയെ നേരിടും.**

**************************************

**യോഗാദിനം**

പത്താമത് അന്താരാഷ്ട്ര യോഗാ ദിനാചരണത്തിൻറെ ഭാഗമായി രാജ്യമെമ്പാടും വിപുലമായ പരിപാടികൾ. ശ്രീനഗറിൽ നടന്ന യോഗാദിന പരിപാടിയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകി. യോഗ ജീവിതശൈലിയുടെ ഭാഗമാക്കിയവരുടെ എണ്ണം ലോകമൊട്ടാകെ വർദ്ധിച്ചു വരികയാണെന്ന് അദ്ദേഹം ചടങ്ങിൽ പറഞ്ഞു. യോഗ അടിസ്ഥാനമാക്കിയുള്ള വിനോദസഞ്ചാര സാധ്യതകളെക്കുറിച്ചും, യുവജനങ്ങൾക്ക് ഇതിലൂടെ ലഭിക്കുന്ന തൊഴിലവസരങ്ങളെക്കുറിച്ചും പ്രധാനമന്ത്രി വ്യക്തമാക്കി. യോഗ വ്യക്തിയ്ക്കും, സമൂഹത്തിനും എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് അന്താരാഷ്ട്ര യോഗാ ദിനം ഇന്ന് ആഘോഷിച്ചത്. രാജ്യത്തെ വിവിധയിടങ്ങളിൽ നടന്ന പരിപാടികളിൽ കേന്ദ്ര, സംസ്ഥാന മന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുത്തു.

RIJU TVPM

**************************************

**യോഗ കേരളം**

അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നിർവഹിച്ചു. പതിനായിരം ആയുഷ് യോഗ ക്ലബ്ബുകൾ കൂടി കേരളത്തിൽ ഈ വർഷം പുതുതായി ആരംഭിക്കുമെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു. രണ്ടര ലക്ഷം പേർക്ക് യോഗ അഭ്യസിക്കാൻ ഇത്

അവസരമൊരുക്കുമെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര ടൂറിസം മന്ത്രാലയം കോവളത്തെ, കേരള ആർട്ട് ആന്റ് ക്രാഫ്റ്റ്സ് വില്ലേജിൽ സംഘടിപ്പിച്ച യോഗാഭ്യാസ പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. ***ലോകത്തിന് യോഗ*** എന്ന മഹത്തായ അറിവ് നല്കിയത് ഇന്ത്യയാണെന്നും, വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് യോഗ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

*************************************

## സി.ബി.സി – യോഗ

പത്താം അന്താരാഷ്ട്ര യോഗാദിനാചരണത്തോട് അനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ വിവിധ ജില്ലകളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽ നടന്ന പരിപാടിയിൽ സിബിസി കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി പളനിച്ചാമി അധ്യക്ഷത വഹിച്ചു. സിബിസി തൃശ്ശൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മറ്റം നമ്പഴിക്കാട് സംഘടിപ്പിച്ച യോഗാദിനാചരണം കണ്ടാണശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് മിനി ജയൻ ഉദ്ഘാടനം ചെയ്തു. സിബിസി എറണാകുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തേവരയിൽ നടന്ന പരിപാടി കൊച്ചി കോർപറേഷൻ വികസന കാര്യ ചെയർമാൻ റെനീഷ് പി. ആർ. ഉദ്ഘാടനം ചെയ്തു. സിബിസി പാലക്കാട് ഫീൽഡ് ഓഫീസ് തിരൂരങ്ങാടിയിൽ സംഘടിപ്പിച്ച യോഗാദിന പരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ടി സാജിത ഉദ്ഘാടനം ചെയ്തു.

RNU TVPM

*************************************

## ആകാശവാണി യോഗ

ആകാശവാണി തിരുവനന്തപുരം നിലയത്തിൽ അന്താരാഷ്ട്ര യോഗാദിനത്തോടനുബന്ധിച്ച് പ്രത്യേക പരിപാടി സംഘടിപ്പിച്ചു. ദേശീയ ആയുഷ് മിഷൻ മെഡിക്കൽ ഓഫീസർ ഡോ. ശ്രീകാവ്യ യോഗാഭ്യാസ പരിപാടികൾക്ക് നേതൃത്വം നൽകി. എൻ സി സി തിരുവനന്തപുരം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ വെട്ടുകാട് ബീച്ച്, ആഴിമല ബീച്ച്, സെന്റ് ജോസഫ് സ്കൂൾ ആഡിറ്റോറിയം, വെള്ളായണി കാർഷിക കോളജ് തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ യോഗ ദിനാചരണം സംഘടിപ്പിച്ചു.

************************************

## തീരദേശ നിയമം-നിയമസഭ

RNU TVPM

2011 ലെ തീരദേശ പരിപാലന നിയമത്തിൽ കേന്ദ്രം ഇളവുകൾ അനുവദിക്കുന്നതോടെ സംസ്ഥാനത്തെ 66 തീരദേശ ഗ്രാമപഞ്ചായത്തുകൾ സി.ആർ.ഇസഡ് മൂന്നാം വിഭാഗത്തിൽ നിന്ന് രണ്ടാം വിഭാഗത്തിലേക്ക് മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൊക്കാളി പാടങ്ങളെയും അനുബന്ധ പ്രദേശങ്ങളും സി.ആർ.ഇസഡ് നിയമത്തിന്റെ പരിധിയിൽ നിന്ന് പൂർണമായി ഒഴിവാക്കുമെന്നും മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചു. ഉൾനാടൻ ജലാശയങ്ങളുടെ നിർമാണ നിരോധിത മേഖല 100 മീറ്ററിൽ നിന്ന് 50 ആയി കുറയുമെന്നും അദ്ദേഹം വ്യക്തമാക്കി.

************************************

## അവയവദാനം -നിയമസഭ

അവയവ ദാനവുമായി ബന്ധപ്പെട്ട തെറ്റായ പ്രചാരണം ചെറുക്കേണ്ടതുണ്ടെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

ജീവിച്ചിരിക്കുന്നവരുടെ അവയവ മാറ്റം സംബന്ധിച്ച് കെസോട്ടോയിലൂടെ കണക്കെടുപ്പ് ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു. അവയവദാനത്തിൽ ഇടനിലക്കാരെ സംബന്ധിച്ച് വ്യക്തികൾ തുറന്നു പറയാത്തതുകാരണം നിയമനടപടി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അവയവക്കടത്തുമായി ബന്ധപ്പെട്ട് രണ്ട് പരാതികളാണ് സംസ്ഥാനത്ത് ഇതുവരെ ലഭിച്ചിട്ടുള്ളതെന്നും, ഇവയിൽ നടപടി സ്വീകരിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വ്യക്തമാക്കി.

****************************************

## മുഖ്യമന്ത്രി

പാർലമെന്ററി കീഴ്‌വഴക്കങ്ങൾ ലംഘിച്ചുകൊണ്ട് ലോക്സഭ പ്രോംടേം സ്പീക്കറെ നിയമിച്ച നടപടി പ്രതിഷേധാർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സഭയിൽ ഏറ്റവും കൂടുതൽ കാലം അംഗമായിട്ടും മാവേലിക്കര എംപി കൊടിക്കുന്നിൽ സുരേഷിനെ തഴഞ്ഞത് എന്തിനാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ലോകസഭയിൽ ഡെപ്യൂട്ടി സ്പീക്കർ പദവി അഞ്ചു വർഷവും ഒഴിച്ചിട്ടതിനെയും മുഖ്യമന്ത്രി രൂക്ഷമായി വിമർശിച്ചു. ശ്രീ കൊടിക്കുന്നിൽ സുരേഷിനെ പ്രോട്ടേം സ്പീക്കർ ആക്കാത്തതിന് എതിരെ പ്രതിപക്ഷനേതാവ് വി.ഡി സതീശൻ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കളും രംഗത്ത് വന്നു. ഇന്ത്യൻ പാർലമെന്റിലെ ഏറ്റവും മുതിർന്ന അംഗം കൊടിക്കുന്നിൽ സുരേഷിന് പ്രോടെം സ്പീക്കർ പദവി നിഷേധിച്ചത് ജനാധിപത്യ വിരുദ്ധമാണെന്ന് ശ്രീ വി.ഡി സതീശൻ പ്രതികരിച്ചു.

****************************************

## ഒ.ആർ.കേളു-വയനാട്

രോഗികളുമായി ചുരമിറങ്ങേണ്ടി വരുന്ന വയനാട്ടിലെ അവസ്ഥക്ക് മാറ്റം വരുത്തുന്നതിന് പ്രഥമ പരിഗണന നൽകുമെന്ന് നിയുക്ത മന്ത്രി ഒ ആർ കേളു. പരമാവധി ചികിത്സ ജില്ലയിൽ തന്നെ ഉറപ്പുവരുത്താനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. ജില്ല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമായ വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരമുണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിൻറെ ചുമതലയുള്ള മന്ത്രിയായാണ് ശ്രീ ഒ.ആർ കേളു മന്ത്രിസഭയിലേക്കെത്തുന്നത്.

RNU TVPM

*************************************

## ജെ.ചിഞ്ചുറാണി

കാലിത്തീറ്റയുടെ ഗുണനിലവാരക്കുറവ് കാരണം കന്നുകാലികൾക്ക് മരണം സംഭവിച്ചാൽ, അവ ഉത്പാദിപ്പിക്കുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്ന നിയമം സംസ്ഥാനത്ത് ഉടൻ നിലവിൽ വരുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. കേരള ഫീഡ്സ് മഹിമ കാലിത്തീറ്റയുടെ ഉത്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മറുനാടുകളിൽ നിന്നും എത്തുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്ന നടപടികൾ സർക്കാർ ഊർജിതമാക്കിയതായും മന്ത്രി പറഞ്ഞു.

*************************************

## ആകാശവാണി വാർത്തകൾക്ക് അംഗീകാരം

ഇന്ത്യയിലെ ഏറ്റവും വിശ്വസനീയമായ വാർത്താ ബ്രാൻഡുകളിലൊന്നായി ആകാശവാണി വാർത്തകളെ തിരഞ്ഞെടുത്തു. ഓക്സ്ഫോർഡ് സർവകലാശാലയിലെ റോയിട്ടേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ -ദി സ്റ്റഡി ഓഫ് ജേർണലിസം നടത്തിയ സർവേയിലാണ് ഈ അംഗീകാരം.

***************************************

## മഴ-സംസ്ഥാനം

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, 7 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. നാളെ ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മറ്റന്നാൾ ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

***************************************

## ടി-ട്വന്റി

ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇംഗ്ലണ്ട്- ദക്ഷിണാഫ്രിക്കയെ നേരിടും. സെന്റ്

ലൂസിയ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം.

************************************

## ചമ്പക്കുളം- മൂലം വള്ളം കളി

കേരളത്തിലെ ജലോത്സവങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള ചമ്പക്കുളം മൂലം വള്ളം കളി മന്ത്രി പി.പ്രസാദ് നാളെ ഉദ്ഘാടനം ചെയ്യും. 6 ചുണ്ടൻ വള്ളങ്ങൾ ഉൾപ്പെടെ 8 വള്ളങ്ങളാണ് ഇക്കുറി പങ്കെടുക്കുക.

************************************

## സംഗീതോത്സവം

സംഗീതഭാരതി സംഘടിപ്പിക്കുന്ന ദേശീയ സംഗീതോത്സവം- ഗാനകൈരളിയുടെ നാലാം പതിപ്പ് തൈക്കാട് ഭാരത് ഭവനിൽ നാളെ നടക്കും. പ്രശസ്ത സംഗീതജ്ഞരായ ഡോ.ബി.അരുന്ധതിയും , ബാംഗ്ലൂർ ബ്രദേഴ്സും സംഗീതോത്സവത്തിൽ കച്ചേരികൾ അവതരിപ്പിക്കും. ആലപ്പുഴ ശ്രീകുമാർ അനുസ്മരണവും പരിപാടിയുടെ ഭാഗമായി നടക്കും.

************************************************************

******************

RNU TVPM